# ദഅ്‌വത്തും തബ്‌ലീഗും തൗഹീദ് കൊണ്ട് തുടങ്ങൽ

**ഗ്രന്ഥകർത്താവ്:** ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ
**അവലംബ ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

عن ابن عباس ﷺ أن رسولَ اللهِ صلى الله عليه وسلم لما بعثَ معاذاً على اليمن قالَ:«إنك تأتي قوماً من أهل الكتابِ، فليكن أولَ ما تدعوهم إليه شهادةُ أنْ لا إله إلاّ الله (وفي رواية: إلى أنْ يوحدوا الله)، فإنْ هم أطاعوك لذلك. فأعلمهم أنّ الله افترض عليهم خمس صلوات في كُلّ يومٍ وليلة، فإنْ هم أطاعوك لذلك فأعلمهم أنّ الله افترض عليهم صدقةً تؤخذُ من أغنيائهم فترد على فُقرائهم، فإنْ هم أطاعوك لذلك, فإياك وكرائم أموالهم، واتق دعوةَ المظلومِ فإنه ليس بينها وبين الله حجاب»

ഇബ്നു അബ്ബാസ്ﷺവിൽനിന്ന് നിവേദനം, അല്ലാഹുവിന്റെ റസൂൽﷺ മുആദ്ﷺവിനെ യമനിലേക്കയച്ചപ്പോൾ അദ്ദേഹത്തോട് പറഞ്ഞു: «താങ്കൾ പോകുന്നത് വേദക്കാരിൽ ഒരു വിഭാഗത്തിന്റെ അടുക്കലേക്കാണ്. അതിനാൽ അവരെ നിങ്ങൾ ആദ്യമായി ക്ഷണിക്കേണ്ടത് 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നതിലേക്കാണ്. (മറ്റൊരു റിപ്പോർട്ടിൽ: അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുന്നതിലേക്കാണ്) അതിൽ അവർ താങ്കളെ അനുസരിച്ചാൽ ഓരോ രാപ്പകലുകളിലുമായി അഞ്ചുനേരത്തെ നമസ്കാരങ്ങൾ അല്ലാഹു അവരുടെമേൽ നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അവരെ നിങ്ങൾ അറിയിക്കുക. അതിലും താങ്കളെ അവർ അനുസരിച്ചാൽ അല്ലാഹു അവരുടെമേൽ സകാത്ത് നിർബന്ധമാക്കിയിരിക്കുന്നു വെന്നും അത് അവരിലെ ധനികരിൽ നിന്ന് സ്വീകരിക്കപ്പെടുകയും അവരിലെ ദരിദ്രർക്ക് വിതരണം ചെയ്യപ്പെടുകയും ചെയ്യണമെന്ന് അവരെ പഠിപ്പിക്കുക. ഇക്കാര്യത്തിലും അവർ താങ്കളെ അനുസരിച്ചാൽ, അവരുടെ ധനത്തിലെ ഉത്തമമായതിനെ (മാത്രം സകാത്തായി) പിടിച്ചെടുക്കുന്നത് താങ്കൾ സൂക്ഷിക്കുക. മർദ്ദിതന്റെ പ്രാർത്ഥനയെ താങ്കൾ സൂക്ഷിക്കുക. തീർച്ചയായും അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥനക്കും അല്ലാഹുവിനുമിടയിൽ മറയില്ല.» (ബുഖാരി, മുസ്‌ലിം)

عن الحارث الأشعري ﷺ أن نبي الله ﷺ قالَ: إن الله ﷻ أمر يحيى بن زكريا عليهما السلام بخمس كلمـات أنْ يعملَ بهن وأنْ يأمر بني إسرائيلَ أنْ يعملوا بهن. وكاد أنْ يبطئَ فقالَ له عيسى إنك قد أمرت بخمس كلمـات أنْ

تعملَ بِهن وتأمر بني إسرائيلَ أنْ يعملُوا بِهن. فَإما أنْ تبلغهن وإما أنْ أُبلغهن. فَقَالَ: يا أخي ، إني أخشى إنْ سبقْتنِي أنْ أُعذب أو يخسف بِي. قَالَ: فَجمع يحيى بنِي إسرائيلَ في بيت الْمقْدسِ حتى امتلأَ الْمسجِد فَقُعد علَى الشـرف فَحمد الله وأَثْنى علَيه ثُم قَالَ: إن الله عز وجل أَمرنِي بِخمسٍ كَلمات أَنْ أَعملَ بِهِن وآمركُم أَنْ تعملُوا بِهِن. أَولُهن أَنْ تعبدوا الله لَا تشرِكُوا بِه شيئًا.

ഹാരിഥുൽഅശ്അരിﷺവിൽനിന്നും നിവേദനം, അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: നിശ്ചയം, അല്ലാഹുﷻ യഹ്‌യാ ഇബ്നു സകരിയ്യാعليه السلامയോട് അഞ്ച് വചനങ്ങൾ കൊണ്ട് പ്രവൃത്തിക്കുവാനും, ഇസ്റാഈല്യരോട് അവ പ്രാവർത്തികമാക്കുവാൻ ആജ്ഞാപിക്കു വാനും കൽപ്പിച്ചു. യഹ്‌യാ അത് സാവകാശമാക്കാറായി. അപ്പോൾ അദ്ദേഹത്തോട് ഈസാ പറഞ്ഞു: തീർച്ചയായും താങ്കൾ അഞ്ച് വചനങ്ങൾ കൊണ്ട് പ്രവൃത്തിക്കുവാനും, ഇസ്റാഈല്യർ അവ പ്രാവർത്തികമാക്കുവാൻ അവരോട് ആജ്ഞാപിക്കുവാനും കൽപ്പിക്കപ്പെട്ടു. ഒന്നുകിൽ താങ്കൾ അവ എത്തിക്കുക. അല്ലെങ്കിൽ ഞാൻ അവ എത്തിക്കും. അപ്പോൾ യഹ്‌യാ പറഞ്ഞു: എന്റെ സഹോദരാ, താങ്കൾ എന്നെ മുൻകടന്ന് അത് ചെയ്താൽ ഞാൻ ശിക്ഷിക്കപ്പെടുമെന്നോ ഭൂമിയിൽ ആഴ്ത്തപ്പെടുമെന്നോ ഭയക്കുന്നു. യഹ്‌യാ ഇസ്റാഈല്യരെ ബൈത്തുൽ മുക്വദ്ദസിലേക്ക് ഒരുമിച്ചുകൂട്ടി. പള്ളി നിറഞ്ഞ് കവിഞ്ഞു. ആളുകൾ മട്ടുപാവിൽ വരെ ഇരുത്തപ്പെട്ടു. അല്ലാഹുവിന് സ്തുതിയോതിയ ശേഷം യഹ്‌യാ പറഞ്ഞു: ''തീർച്ചയായും അല്ലാഹു, അഞ്ച് വചനങ്ങൾ കൊണ്ട് ഞാൻ പ്രവൃത്തിക്കുവാനും, നിങ്ങളോട് അവ പ്രാവർത്തികമാക്കുവാൻ ആജ്ഞാപിക്കുവാനും എന്നോട് കൽപ്പിച്ചു. അതിൽ ഒന്നാമത്തേത് 'നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക, അവനിൽ യാതൊന്നിനേയും നിങ്ങൾ പങ്ക് ചേർക്കരുത്' എന്നാണ്.

عن ابنِ عباسٍ ﷺ يقُولُ: قَدم وفْد عبد الْقَيسِ علَى النبِي ﷺ. فَقَالُوا: يا رسولَ الله إنا هذَا الْحي من ربِيعةَ ، وقَد حالَت بيننا وبينك كُفار مضر. فَلَسنا نخلُص إلَيك إلا في شهرٍ حرامٍ فَمرنا بِأَشياءَ نأْخذُ بِها وندعو إلَيها من وراءَنا قَالَ: آمركُم بِأَربعٍ وأَنهاكُم عن أَربعٍ ، الْإِيمان بِالله شهادة أَنْ لَا إلَه إلا الله. وعقَد واحدةً وإِقَامِ الصلَاة وإِيتاءِ الزكَاة وأَنْ تؤَدوا لله خمس ما غَنِمتم وأَنهاكُم عن الدباءِ والنقيرِ والْحنتمِ والْمزفت

ഇബ്നു അബ്ബാസ്ﷺവിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അബ്ദുൽ ക്വയ്സ് ഗോത്രത്തിന്റെ നിവേദകസംഘം നബിﷺയുടെ അടുക്കലേക്ക് വന്നു. അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ റബീഅഃയിൽ നിന്നുള്ള ഒരു ഉപഗോത്രമാണ്. ഞങ്ങൾക്കും താങ്കൾക്കും ഇടയിൽ അവിശ്വാസികളായ മുദ്വർ ഗോത്രം മറയിട്ടിരിക്കേ യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങളിലല്ലാതെ ഞങ്ങൾക്ക് നിങ്ങളുടെ അടുത്ത് സുരക്ഷിതരായി വന്നെത്തുവാൻ കഴിയുകയില്ല, അതുകൊണ്ട് ഞങ്ങൾക്ക് സ്വീകരിക്കുവാനും, ഞങ്ങളുടെ ശേഷക്കാരെ ക്ഷണിക്കുവാനും ചില കാര്യങ്ങൾ ഞങ്ങൾക്ക് നിങ്ങൾ കൽപ്പിച്ച് തരിക. അദ്ദേഹം പറഞ്ഞു: «ഞാൻ നിങ്ങളോട് നാല് കാര്യങ്ങൾ കൽപ്പിക്കുകയും നാല് കാര്യങ്ങൾ വിരോധിക്കുകയും ചെയ്യുന്നു. അല്ലാഹുവിലുള്ള വിശ്വാസം അഥവാ അല്ലാഹു അല്ലാതെ യഥാർത്ഥ ആരാധ്യനായി മറ്റാരുമില്ലെന്ന് സാക്ഷ്യം വഹിക്കൽ, (പ്രവാചകൻ വിരലുകൾ മടക്കി ചൂണ്ടുവിരൽ

ഉയർത്തി ഒന്നെന്ന് കാണിച്ചു) നമസ്കാരം നേരാം വിധം നിലനിർത്തൽ, സക്കാത്ത് കൊടുത്തുവീട്ടൽ, നിങ്ങളുടെ യുദ്ധാർജിത സ്വത്തിൽ അഞ്ചിൽ ഒന്ന് അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് നല്കൽ (എന്നിവയാണ് ഞാൻ കൽപ്പിക്കുന്നവ). ദുബ്ബാഉം (കള്ള് തയ്യാറാക്കുവാൻ ചുരങ്ങ തുരന്നുണ്ടാക്കുന്ന പാത്രം), നകീറും(കള്ള് തയ്യാറാക്കുവാൻ ഈത്തപ്പനത്തടി തുരന്നുണ്ടാക്കുന്ന പാത്രം), ഹൻതമും(കള്ള് തയ്യാറാക്കുവാൻ ഉപയോഗിച്ചിരുന്ന കുടം), മുസഫ്ഫതും(കള്ള് തയ്യാറാക്കുവാൻ ഉപയോഗിച്ചിരുന്ന താറ്പൂശിയിരുന്ന പാത്രം) ഞാൻ നിങ്ങൾക്ക് വിരോധിക്കുന്നു. (ബുഖാരി)